**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **3345** | **23.06.2014** ൽ മറുപടിയ്ക്ക്

## പിന്നോക്ക സമുദായങ്ങൾക്കുള്ള തൊഴിൽ സംവരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി മമ്മൂട്ടി**<br>**ശ്രീ.എൻ.ഷംസുദ്ദീൻ**<br>**ശ്രീ. റ്റി.എ. അഹമ്മദ് കബീർ**<br>**ശ്രീ. കെ.എൻ.എ ഖാദർ** | | **ശ്രീ. ഉമ്മൻചാണ്ടി**<br>**(ബഹു.മുഖ്യ മന്ത്രി)** | |
| (എ) | പിന്നോക്ക സമുദായങ്ങൾക്കുള്ള തൊഴിൽ സംവരണ പട്ടികയിൽ മാറ്റങ്ങളെന്തെങ്കിലും വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (എ) | കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് തൊഴിൽ സംവരണത്തിനുള്ള പിന്നോക്ക വിഭാഗങ്ങളുടെ പട്ടികയിൽ മാറ്റം വരുത്തുന്നത്. ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല. |
| (ബി)<br><br>(സി) | നിലവിലെ സംവരണ ശതമാനം അതത് സമുദായങ്ങളുടെ കൃത്യമായ ജനസംഖ്യയ്ക്ക് ആനുപാതികമായിട്ടുള്ളതാണോ എന്ന് വ്യക്തമാക്കുമോ ;<br><br>അതിനടിസ്ഥാനമാക്കിയ ജനസംഖ്യാ കണക്കുകൾ ഏതു വിധത്തിലാണ് തിട്ടപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ? | (ബി) യും (സി) യും | സംസ്ഥാനത്ത് ഇപ്പോൾ നടന്നിട്ടുള്ള സാമൂഹിക - സാമ്പത്തിക ജാതി സെൻസസ് റിപ്പോർട്ടിലെ ജാതി തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമായാൽ മാത്രമേ നിലവിലെ സംവരണ ശതമാനം അതത് സമുദായങ്ങളുടെ ജനസംഖ്യയ്ക്ക് ആനുപാതികമായിട്ടുള്ളതാണോ എന്ന് വ്യക്തമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ